"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സെന്റ് ലിറ്റിൽ തെരേസാസ് ജി.എച്ച്.എസ്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. മോളി വി.ജെ. ഫയൽ ചെയ്ത റിട്ട് ഹർജികൾ നം.10484/2024, 4834/2025 എന്നിവയിൽ യഥാക്രമം 15/3/2024, 6.02.2025തീയതികളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3817/2025/GEDN തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. ശ്രീമതി. മോളി വി.ജെ സർക്കാരിൽ സമർപ്പിച്ച 15/1/2024ലെ റിവിഷൻ ഹർജ്ജി (എക്സിബിറ്റ് പി5), 3/6/2024ലെ ന്യായവാദ പത്രിക, +4/1/2025ലെ കത്ത് എന്നിവ
2. റിട്ട് ഹർജി നം.10484/2024ൽ 15/3/2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം (എക്സിബിറ്റ് പി6)
3. കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/5/2024, 6/6/2024 തീയതികളിലെ DEOKTY/270/2024/B3 നമ്പർ റിപ്പോർട്ടുകൾ
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 1/6/2024ലെ ET2/10250/2024/DGE നമ്പർ ഹിയറിങ് റിപ്പോർട്ട്
5. 1/1/2025ലെ ഏഴാം ക്ലാസ് തുല്യതാ സർട്ടിഫിക്കേറ്റ് (എക്സിബിറ്റ് പി8)
6. റിട്ട് ഹർജി നം. 4834/2025ൽ 6.02.2025 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം

**<u>ഉത്തരവ്</u>**

കോട്ടയം സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. മോളി വി.ജെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.10484/2024ൽ 15/3/2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി5 റിവിഷൻ ഹർജി, ഹർജിക്കാരി, ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിപ്പകർപ്പ് കിട്ടി നാല് മാസത്തിനകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ടി വിഷയത്തിൽ 04.06.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരി, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരിയുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. ഹർജിക്കാരിയെ 03.04.2010 മുതലാണ് ഫുൾ ടൈം മീനിയൽ തസ്തികയിൽ നിയമിക്കുന്നത്. 01.12.2022 മുതൽ ആണ് ഓഫീസ് അറ്റൻഡന്റായി നിയമിക്കുന്നതിന് അംഗീകാരം തേടി പ്രെപ്പോസൽ നൽകിയത്. കടുത്തുരുത്തി ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 26/04/2023 തീയതിയിലെ B3/43343/2022 എന്ന ഉത്തരവ് വഴി നിയമനാംഗീകാരം നിരസിച്ച് ഉത്തരവായി. ആയതിന് കാരണമായി പറഞ്ഞിരിക്കുന്നത് ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയുടെ വിദ്യാഭ്യാസയോഗ്യത 7-ാം ക്ലാസ്സായി നിജപ്പെടുത്തിയിരുന്നതായും സർക്കാർ സ്കൂളിലെ അനധ്യാപകരുടെ (Non-Teaching staff) വിദ്യാഭ്യാസ യോഗ്യത തന്നെയാണ് എയ്ഡഡ് സ്കൂളിലേക്കും (Rule 4 Chapter 24B) എന്നതിനാൽ ഓഫീസ് അറ്റൻഡന്റിന്റെ നിയമനത്തിന് 7-ാം ക്ലാസ്സ് വേണം എന്നതാണ്. എന്നാൽ ശ്രീമതി. മോളി വി.ജെ.ക്ക് 6-ാം ക്ലാസ്സ് യോഗ്യത മാത്രമാണ് ഉള്ളത് എന്നതിനാൽ ടിയാൾക്ക് നിയമനത്തിന് അവകാശമില്ല എന്നതാണ് ഡി.ഇ.ഒ യുടെ വാദം.

ടിയാൾ സമർപ്പിച്ച അപ്പീൽ ഹർജ്ജി കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിക്കുകയുണ്ടായി. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറും അപ്പീൽ പെറ്റിഷൻ തള്ളിയിരുന്നു.

ഇതിനെതിരെയാണ് സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. താഴെ പറയുന്ന കാരണങ്ങളാൽ മേൽ വിദ്യാഭ്യാസ അധികാരികളുടെ ഉത്തരവുകൾ നില നിൽക്കുന്നതല്ല.

(a) ഹർജിക്കാരിയാണ് സ്കൂളിലെ FTM Post ലെ സീനിയർ മോസ്റ്റ്.

(b) Rule 7 of Chapter XXIV(B) r/w rule 43 of KER പ്രകാരം ഹർജ്ജിക്കാരിക്ക് ടി പ്രൊമോഷന് അവകാശമുണ്ട്.

(c) സർക്കാർ സ്കൂളിലെ Office Attendant തസ്തികയിൽ പ്രൊമോഷൻ നിയമനത്തിന് 7-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത 04-06-2016 ലെ SRO 412/2016 പ്രകാരമുള്ള amendment ന് മുൻപുള്ള റൂളിലോ ശേഷമുള്ള റൂളിലോ വ്യക്തമായി എവിടെയും നിഷ്കർഷിച്ചിട്ടില്ല. വിദ്യാഭ്യാസ അധികാരികളുടെ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള Ac 80/2021/G.Edn. dated 07-12-2021 കത്ത് പ്രകാരം റൂൾ ഭേദഗതി ചെയ്യാൻ സർക്കാരിന് അവകാശമില്ല. ആയതിനാൽ 7-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത എയ്ഡഡ് സ്കൂളിലെ Office Attendant തസ്തികയിൽ പ്രൊമോഷൻ നിയനത്തിന് നിഷ്കർഷിക്കാനാവില്ല. KER Chapter 24 A ൽ പറഞ്ഞിരിക്കുന്ന സാക്ഷരതാ യോഗ്യത മാത്രമേ നിഷ്കർഷിക്കാനാവൂ.

(d) ഇനി 7-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ബാധകമാണെങ്കിൽക്കൂടി ഹർജി ക്കാരിക്ക് 6-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉണ്ട്. കൂടാതെ 7-ാം ക്ലാസ് തുല്യതാ പരീക്ഷ ഇനി ഡിസംബറിലാണ്.

5. ആയതിനാൽ KER Rule 3 of Chapter I അനുസരിച്ച് സർക്കാരിനുള്ള exemption powers ഉപയോഗിച്ച് 7-ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയിൽ നിന്ന് സ്ഥിരമായി ഒഴിവു നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ പ്രമോഷൻ അംഗീകരിക്കണമെന്നതാണ് ആവശ്യം. ഏഴാം ക്ളാസ് യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള കാലയളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**മാനേജരുടെ വാദം/ ഹിയറിങ് നോട്ട് ഇപ്രകാരമാണ്**

6. സ.ഉ. (വി) 12/2015/PARD തീയതി 04.06.2016 ഉത്തരവ് വഴി കേരള പബ്ളിക് സർവ്വീസ് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ഭേദഗതി ചട്ടം നിലവിൽ വരികയും 7ആം ക്ലാസ് ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ് എന്ന് തസ്തികയുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയായി നിശ്ചിയ്ക്കുകയും ചെയ്തു. 7-ആം ക്ലാസ് യോഗ്യത സർക്കാർ സർവ്വീസിൽ (അനധ്യാപകർക്ക്) ബാധകമായതിനാൽ ഇവിടെക്കും അത് ബാധകമാകുന്നു. എന്നാൽ ചാപ്റ്റർ 24A KER സബ്ബ് റൂൾ (2)വിൽ അറ്റൻഡറുടെ യോഗ്യത പറഞ്ഞിരിക്കുന്നത് പത്താം ക്ലാസ് യോഗ്യതയാണ്. ചാപ്റ്റർ 24A ബാധകമാകുന്നത്. 01.10.1964 വരെ അനധ്യാപക തസ്തികയിൽ നിയമനം ലഭിച്ചവർക്കാണെങ്കിലും പത്താം ക്ലാസ് യോഗ്യത മുകളിൽ പറഞ്ഞിരിക്കുന്നതിന്റെ പ്രാധാന്യം കൂടി കണക്കിലെടുക്കുമ്പോൾ, 7-ാം ക്ലാസ് യോഗ്യത എന്നത് ഓഫീസ് ഫയലുകൾ കൈകാര്യം ചെയ്യാനുള്ള കുറഞ്ഞ പരിജ്ഞാനം എങ്കിലും ഉണ്ടായിരിക്കുക എന്ന ഉദ്ദേശം കണക്കിലെടുത്താണ് എന്നത് സുവ്യക്തമാണ്.

7. മാത്രമല്ല ഇന്നത്തെ സാഹചര്യത്തിൽ 7-ാം ക്ലാസ് യോഗ്യത എന്നത് ഒരു മിനിമം യോഗ്യത ആണ് എല്ലാ സർവ്വീസിലും എന്നതും കണക്കിലെടുക്കേണ്ടതാണ്. ടിയാരി നിലവിൽ 6-ാം ക്ലാസ് പാസ്സായിട്ടുണ്ടെങ്കിലും, 7-ാ ക്ലാസ് പാസ്സാകാത്തതിനാൽ നിശ്ചിത യോഗ്യത കൈവരിക്കാനായി ഒരവസരം നൽകുന്നതിന് മാനേജർക്ക് എതിർപ്പില്ലാത്തതാണ്. മൊയ്ദു Vs. State (1973KL) 591) എന്ന കേസിൽ കേരള ഹൈക്കോടതി ഇപ്രകാരം നിരീക്ഷിച്ചിരിക്കുന്നു. "The power can be exercised in special cases where manifest injustice and inequity would otherwise result. It is not a naked and arbitrary power to mete out special treatment to any individual case according to whim or fancy" മാത്രമല്ല ബഹു: കേരള ഹൈക്കോടതി W.A. 291/1973 CDB) എന്ന കേസിൽ മുൻകാല പ്രാബല്യത്തോടെ ഇളവ് അനുവദിക്കാൻ ആകില്ലാ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇളവനുവാദം നൽകൽ തുടങ്ങിയവ ബഹു: ഗവൺമെന്റിന്റെ വിവേചനാധികാരത്തിൽ വരുന്ന വിഷയമായതിനാൽ ആയതിൽ ബഹു: ഗവൺമെന്റിന്റെ തീരുമാനം എന്തുതന്നെയാണെങ്കിലും അത് നടപ്പിലാകുവാനാണ് മാനേജർ ബാദ്ധ്യസ്ഥനായിരിക്കുന്നത്.

8. ആയതിനാൽ മുകളിലെ ഖണ്ഡികകളിൽ സമർപ്പിച്ചിരിക്കുന്നത് കണക്കിലെടുത്ത് ഉത്തരവ് പാസ്സാക്കണമെന്ന് അപേക്ഷിക്കുന്നു.

**ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

9. വൈക്കം സെന്റ് ലിറ്റിൽ തെരേസാസ് ജി.എച്ച്. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ജെസ്സി വി.സി. 30.11.222 ൽ റിട്ടയർ ആയ ഒഴിവിൽ ശ്രീമതി മോളി വി.ജെ.യെ 01/12/2022 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ നൽകി മാനേജർ നിയമിച്ചു.

10. ശ്രീമതി മോളി വി.ജെ. 03.04.2010 മുതൽ എഫ്.റ്റി.എം തസ്തികയിൽ സേവനമാരംഭിച്ചിട്ടുണ്ട്. ടിയാൾ ചട്ടം 43 അവകാശിയുമാണ്. എന്നാൽ പുതിയൊരു തസ്തികയായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് 01.12.2022 മുതലാണ് ശ്രീമതി മോളി വി.ജെ.യെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്. ശ്രീമതി മോളി വി.ജെ.യുടെ വിദ്യാഭ്യാസ യോഗ്യത 6-ആം ക്ലാസ്സ് വിജയം മാത്രമാണ്. കെ.ഇ.ആർ അധ്യായം 24 (ബി) ചട്ടം 4 പ്രകാരം സർക്കാർ സർവ്വീസിലെ അനധ്യാപകർക്ക് ബാധകമായ വിദ്യാഭ്യാസ യോഗ്യത എയ്ഡഡ് സ്കൂൾ അനധ്യാപകർക്കും ബാധകമാണ്. സ.ഉ.(പി) നം.12/2016/പിഎആർഡി തീയതി 04.06.2016 സർക്കാർ കത്ത് നം.എസ്1/80/2021/പൊ.വി.വ തീയതി 07.12.2021 എന്നിവ പ്രകാരം ഓഫീസ് അറ്റൻഡന്റിന് വേണ്ട വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ്സ് വിജയമാണ്. ആയതിനാൽ ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് വേണ്ട വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാൽ ശ്രീമതി മോളി വി.ജെ.യുടെ 01.02.2022 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം നിരസിച്ചിരുന്നു.

11. ശ്രീമതി മോളി വി.ജെ.യുടെ നിയമനം നിരസിച്ചു നൽകിയതിനാൽ സ്കൂൾ മാനേജർ ടി സ്കൂളിലെ തന്നെ എഫ്.ടി.എം ആയ ശ്രീ.ബിൻസ് ചാക്കോ -ക്ക് 12/03/2024 മുതൽ പ്രൊമോഷൻ നൽകി നിയമിച്ചിരുന്നു. ശ്രീ.ബിൻസ് ചാക്കോയ്ക്ക് 12/03/2024 മുതൽ പ്രൊമോഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനേജർ ശ്രീമതി ബീന സി.ഇ.യെ എഫ്.ടി.എം ആയി 12/03/2024 മുതൽ നിയോഗിച്ചു. ശ്രിമതി മോളി വി.ജെ.യുടെ നിയമനം സർക്കാരിന്റെ പരിഗണനയിൽ ആയതിനാൽ ശ്രീ.ബിൻസ് ചാക്കോയുടെയും ശ്രീമതി ബീന സി.ഇ.യുടെയും നിയമനങ്ങൾ മടക്കി നല്ലിയിരുന്നു എന്നാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.**

12. കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന വൈക്കം സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ജെസ്സി വി.സി 30.11.2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേക്കാണ് ടി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി മോളി വി.ജെ.യെ 01.12.2022 മുതൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചത്.

13. സ.ഉ.(പി) നം.12/2016/പി.എ.ആർ.ഡി തീയതി 04.06.2016 സർക്കാർ കത്ത് നം.എസ്1/80/2021/പൊ.വി.വ. തീയതി 07.12.2021 എന്നിവ പ്രകാരം ഓഫീസ് അറ്റൻഡന്റിന് വേണ്ട വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ് വിജയമാണെന്നിരിക്കെ ശ്രീമതി മോളി വി.ജെ.യ്ക്ക് 6-ാ ം ക്ലാസ് വിജയം മാത്രമാണ് ഉള്ളത്. കെ.ഇ.ആർ അദ്ധ്യായം 24(ബി) ചട്ടം 4 പ്രകാരം സർക്കാർ സർവ്വീസിലെ അനദ്ധ്യാപകർക്ക് ബാധകമായ വിദ്യാഭ്യാസ യോഗ്യത എയ്ഡഡ് സ്കൂൾ അനദ്ധ്യാപകർക്കും ബാധകമാണ്. മേൽ കാരണത്താൽ കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബി3/43343/2022 തീയതി 26.04.2023 ഉത്തരവ് പ്രകാരം ശ്രീമതി മോളി വി.ജെ.യുടെ സ്ഥാനക്കയറ്റ നിയമനം നിരസിച്ചു നൽകി. ഇതിനെതിരെ മാനേജർ കോട്ടയം വിദ്യാഭ്യാസ

ഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചു. മാനേജർ സമർപ്പിച്ച അപ്പീൽ അപേക്ഷയും, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അപ്പീൽ റിമാർക്സും പരിശോധിച്ചതിൽ സ.ഉ.(പി) നം.12/2016/പി.എ.ആർ.ഡി തീയതി 04.06.2016, സർക്കാർ കത്ത് നം.എസ്1/80/2021/പൊ.വി.വ. തീയതി 07.12.2021 എന്നിവ പ്രകാരം സർക്കാർ സർവ്വീസിലെ അനദ്ധ്യാപകർക്ക് ബാധകമായ വിദ്യാഭ്യാസ യോഗ്യത എയ്ഡഡ് സ്കൂൾ അനദ്ധ്യാപകർക്കും ബാധകമാണ് എന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികക്ക് നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത ശ്രീമതി.മോളി വി.ജെ.യുടെ 01.12.2022 മുതലുള്ള സ്ഥാനക്കയറ്റ നിയമനം കട്ടുത്തരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി5/219426/2023 തീയതി 25.09.2023 ഉത്തരവ് പ്രകാരം നിരസിച്ചു നൽകി.

14. മേൽ നിരസിക്കൽ ഉത്തരവുകൾക്കെതിരെ മാനേജർ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ റിവിഷൻ ഹർജി സമർപ്പിച്ചു. ശ്രീമതി മോളി വി.ജെ. 03.04.2010 മുതൽ എഫ്.ടി.എം തസ്തികയിൽ സേവനമാരംഭിച്ചിട്ടുള്ളതും ചട്ടം 43 അവകാശിയുമാണ്. എന്നിരുന്നാലും പുതിയൊരു തസ്തികയായ ഓഫിസ് അറ്റൻഡന്റ് തസ്തികയിലേക്ക് 01.12.2022 മുതലാണ് ടിയാരിയെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്. സ.ഉ.(പി) നം.12/2016/പി.എ.ആർ.ഡി തീയതി 04.06.2016, സർക്കാർ കത്ത് നം.എസ്1/80/2021/പൊ.വി.വ. തീയതി 07.12.2021 എന്നിവ പ്രകാരം ഓഫീസ് അറ്റൻഡന്റിന് വേണ്ട വിദ്യാഭ്യാസ യോഗ്യത എയ്ഡഡ് സ്കൂൾ അനദ്ധ്യാപകർക്കും ബാധകമാണ് എന്ന് മേൽ ഉത്തരവുകളിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റ നിയമനത്തിന് നിശ്ചിത യോഗ്യത ഇല്ലാത്തതിനാൽ 01.12.2022 മുതലുള്ള സ്ഥാനക്കയറ്റ നിയമന റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ നിരസിച്ചിരുന്നു. പ്രസ്തുത സ്ഥാനക്കയറ്റ നിയമനം പരിഗണനാർഹമല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

15. ഇതിനിടെ ശ്രീമതി. മോളി വി.ജെ 4834/2025 നമ്പർ റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയും ആയതിൽ ബഹു: ഹൈക്കോടതിയുടെ 6/2/2025ലെ ഉത്തരവിൽ എക്സിബിറ്റ് പി6 വിധിന്യായത്തിനോടൊപ്പം എക്സിബിറ്റ് പി8 തുല്യതാ സർട്ടിഫിക്കേറ്റ് കൂടെ പരിഗണിച്ച് അന്തിമ തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.**

16. ഹർജിക്കാരിയുടെ നിയമനാംഗീകാരം നിരസിച്ച് ഉത്തരവായതിന് കാരണമായി പറഞ്ഞിരിക്കുന്നത് ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയുടെ വിദ്യാഭ്യാസയോഗ്യത 7-ാം ക്ലാസ്സായി നിജപ്പെടുത്തിയിരുന്നതായും സർക്കാർ സ്കൂളിലെ അനധ്യാപകരുടെ (Non-Teaching staff) വിദ്യാഭ്യാസ യോഗ്യത തന്നെയാണ് എയ്ഡഡ് സ്കൂളിലേക്കും (Rule 4 Chapter 24B) എന്നതിനാൽ ഓഫീസ് അറ്റൻഡന്റിന്റെ നിയമനത്തിന് 7-ാം ക്ലാസ്സ് വേണമായിരുന്നുവെങ്കിലും ടിയാൾക്ക് 6-ാം ക്ലാസ്സ് യോഗ്യത മാത്രമാണ് ഉള്ളത് എന്നതിനാൽ ടിയാരിക്ക് നിയമനത്തിന് അവകാശമില്ല എന്നുമാണ്.

17. റിവിഷൻ ഹർജിക്കാരിയായ ശ്രീമതി.മോളി.വി.ജെ.യെ 03.04.2010 മുതലാണ് ഫുൾ ടൈം മീനിയൽ തസ്തികയിൽ നിയമിക്കുന്നത്. തുടർന്ന് 01.12.2022 മുതൽ ആണ് ശ്രീമിതി മോളി വി.ജെ.യെ ഓഫീസ് അറ്റൻഡന്റായി നിയമിക്കുന്നത്. ഹർജിക്കാരിയായ ശ്രീമതി ശ്രീമതി.മോളി

വി.ജെ.യുടെ ഓഫീസ് അറ്റൻഡന്റായുള്ള നിയമനത്തീയതിയിൽ (01.12.2022 ൽ) ശ്രീമതി.മോളി.വി.ജെ യുടെ വിദ്യാഭ്യാസ യോഗ്യത 6 -ാം ക്ലാസ്സ് വിജയം മാത്രമാണ്. കെ ഇ ആർ അധ്യായം 24 (ബി) ചട്ടം 4 പ്രകാരം സർക്കാർ സർവ്വീസിലെ അനധ്യാപകർക്ക് ബാധകമായ വിദ്യാഭ്യാസ യോഗ്യത എയ്ഡഡ് സ്കൂൾ അനധ്യാപകർക്കും ബാധകമാണ്. മേൽ സാഹചര്യത്തിൽ സ. ഉ (പി) നം 12/2016/പി.എ.ആർ.ഡി തീയതി 04.06.2016 പ്രകാരം ഓഫീസ് അറ്റൻഡന്റിന് വേണ്ട വിദ്യാഭ്യാസയോഗ്യത 7 -ാം ക്ലാസ്സ് വിജയമായതിനാൽ വിദ്യാഭ്യാസ യോഗ്യത 6 -ാം ക്ലാസ്സ് വിജയമുള്ള ശ്രീമതി.മോളി വി.ജെ.യുടെ ഓഫീസ് അറ്റൻഡന്റായുള്ള നിയമനം അംഗീകാരയോഗ്യമല്ല. എന്നാൽ ശ്രീമതി.മോളി വി.ജെ. ഫയൽ ചെയ്ത WP(c) 4834/2025ലെ 06/02/2025 ലെ വിധിന്യായം പ്രകാരം ഹർജിക്കാരി സമർപ്പിച്ച Ext.P8 പ്രകാരമുള്ള 7th standard equivalency certificate കൂടി പരിശോധിച്ച് തീരുമാനമെടുക്കുവാൻ കോടതി നിർദേശിക്കുകയുണ്ടായി. *എന്നാൽ മേൽ equivalency certificate 01/01/2025 ലുള്ളതാണ്.* KER Chapter XIV A Rule 43 ന്റെ കീഴിലെ Note (2) പ്രകാരം Promotion under this rule shall be made from persons possessing the prescribed qualifications at the time of occurrence of vacancy എന്ന് നിഷ്കർഷിക്കുന്നതിനാൽ *നിയമനത്തീയതിയിൽ മതിയായ യോഗ്യതയില്ലാത്ത* ഹർജിക്കാരിയുടെ 01.12.2022 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകാരയോഗ്യമല്ല.

18. മേൽ സാഹചര്യത്തിൽ, നിയമനത്തീയതിയിൽ മതിയായ യോഗ്യതയില്ലാത്ത ശ്രീമതി മോളി വി.ജെ.യുടെ 01.12.2022 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം നിരസിച്ച്, അപ്രകാരം ശ്രീമതി. മോളി വി.ജെ. ഫയൽ ചെയ്ത റിട്ട് ഹർജികൾ നം.10484/2024, 4834/2025 എന്നിവയിൽ യഥാക്രമം 15/3/2024, 6.02.2025 തീയതികളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി മോളി വി.ജെ., ഓഫീസ് അറ്റൻഡന്റ്, സെന്റ് ലിറ്റിൽ തെരേസാസ് ജി.എച്ച്.എസ്.എസ്., വൈക്കം - 686 142
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കടുത്തുരുത്തി, കോട്ടയം
മാനേജർ, സെന്റ് ലിറ്റിൽ തെരേസാസ് ജി.എച്ച്.എസ്.എസ്., വൈക്കം - 686 142
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 12-06-2025 11:41:58

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.